LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' (GIFT City) സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി-I 600 ഏക്കർ, പുതുശ്ശേരി-II 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

വ്യവസായ പാർക്ക്

127(5286) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ പാർക്ക് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മഞ്ചേശ്വരം താലൂക്കിൽ കണ്ണൂർ വില്ലേജിൽപ്പെട്ട അനന്തപുരം എന്ന സ്ഥലത്ത് വ്യവസായ പാർക്ക് നിലവിലുണ്ട്.

വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾ

128(5287) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽത്തന്നെ പ്രവർത്തനം ആരംഭിക്കുന്നുണ്ടോയെന്ന് അതാത് എസ്റ്റേറ്റ് ഓഫീസർമാർ